'ഭരണഭാഷ മാതൃഭാഷ'

പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം
നാലാം നില, വികാസ് ഭവൻ, തിരുവനന്തപുരം - 695 033
ഫോൺ : 0471-2304594, 0471-2303229
ഇ-മെയിൽ :keralatribes@gmail.com

നമ്പർ: E/E1/5829/2022/STDD(2) തീയതി :05-08-2024

# വിജ്ഞാപനം

## അക്രഡിറ്റഡ് എഞ്ചിനീയർ/ ഓവർസിയർ നിയമനത്തിന് അപേക്ഷ ക്ഷണിക്കുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതിയായ അക്രഡിറ്റഡ് എഞ്ചിനീയർ/ ഓവർസിയർ നിയമനത്തിന് അർഹരായ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവതീ യുവാക്കളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

അക്രഡിറ്റഡ് എഞ്ചിനീയർ/ ഓവർസിയർ നിയമനം പൂർണ്ണമായും ഒരു പരിശീലന പദ്ധതിയാണ്. പ്രൊഫഷണൽ യോഗ്യതയുള്ള പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികളെ മികവുറ്റ ജോലികൾ കരസ്ഥമാക്കുവാൻ പ്രാപ്തരാക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പിൻ്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വിവിധ പ്രാദേശിക പശ്ചാത്തല സൗകര്യ വികസന പദ്ധതികളുടെയും നിർവഹണത്തിൽ പങ്കാളികളാക്കി പ്രവൃത്തി പരിചയം നൽകുകയാണ് പദ്ധതിയുടെ ലക്ഷ്യം.

**നിയമന യോഗ്യതകൾ**

1. ഉദ്യോഗാർത്ഥികൾ പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും ഉള്ളവരായിരിക്കണം.
2. വിദ്യാഭ്യാസ യോഗ്യത – സിവിൽ എഞ്ചിനീയറിംഗിൽ ബി.ടെക്/ഡിപ്ലോമ /ഐ.ടി.ഐ
3. പ്രായപരിധി 21-35 വയസ്സ്.
4. പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിലുള്ള വിവിധ ഓഫീസുകളിലും വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുമായി ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതാണ്.
5. പ്രതിമാസ ഓണറേറിയം 18000/- രൂപ.
6. ജില്ലാ തലത്തിൽ നടത്തുന്ന അഭിമുഖത്തിൻറെ അടിസ്ഥാനത്തിലായിരിക്കും നിയമനം.
7. നിശ്ചിത യോഗ്യതയുള്ളവർ മാത്രം അപേക്ഷ സമർപ്പിക്കേണ്ടതാണ്. (കോഴ്സ് വിജയിച്ചവർ മാത്രം)
8. അക്രഡിറ്റഡ് എഞ്ചിനീയർ/ ഓവർസിയറായി നിയമിക്കപ്പെടുന്നവർക്ക് സ്ഥിര നിയമനത്തിന് യാതൊരു വിധ അർഹതയും ഉണ്ടായിരിക്കുന്നതല്ല.

9. നിയമന കാലാവധി – 1 വർഷം (സേവനം തൃപ്തികരമാണെങ്കിൽ പരമാവധി ഒരു വർഷം കൂടി ദീർഘിപ്പിച്ചു നൽകുന്നതാണ്).
10. അപേക്ഷ സമർപ്പണം

    നിശ്ചിത മാതൃകയിലുള്ള അപേക്ഷ -ജാതി, വിദ്യാഭ്യാസ യോഗ്യത, പ്രായം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പ് സഹിതം അപേക്ഷിക്കുന്ന ജില്ലയിലെ ട്രൈബൽ ഡവലപ്പ്മെൻറ് ഓഫീസ്/ ഐ.റ്റി.ഡി പ്രോജക്ട് ഓഫീസ് എന്നിവിടങ്ങളിൽ സമർപ്പിക്കേണ്ടതാണ്. ഒരാൾ ഒന്നിലധികം ജില്ലകളിൽ അപേക്ഷ സമർപ്പിക്കുവാൻ പാടുള്ളതല്ല. അത്തരത്തിൽ ലഭിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

11. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി **2024 ആഗസ്റ്റ് 19 തിങ്കളാഴ്ച വൈകുന്നേരം 5 മണി.**

**കൂടുതൽ വിവരങ്ങളും അപേക്ഷ ഫോറത്തിൻ്റെ മാതൃകയും ജില്ലകളിലെ പട്ടികവർഗ്ഗ വികസന ഓഫീസ്/ ഐ.ടി.ഡി പ്രോജക്ട് ഓഫീസ്/ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് എന്നിവിടങ്ങളിൽ നിന്നും www.stdd.kerala.gov.in എന്ന വെബ് സൈറ്റിൽ നിന്നും ലഭിക്കുന്നതാണ്.**

ഡയറക്ടർ

Signed by
Renu Raj
Date: 05-08-2024 16:30:19